©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2021 ഫെബ്രുവരി 05<br>05th February 2021<br>1196 മകരം 23<br>23rd Makaram 1196<br>1942 മാഘം 16<br>16th Magha 1942 | നമ്പർ<br>No. 538 |


GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G. O. (P) No. 15/2021/LBR. *Dated, Thiruvananthapuram, 24th January, 2021*
*11th Makaram, 1196.*

**S. R. O. No. 123/2021**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G.O.(P)No.152/2011/LBR dated 12th September, 2011 and published as S.R.O. No. 609/2011 in the Kerala Gazette Extraordinary No. 1810 dated 26th September, 2011, the Government of Kerala after considering the objections

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

and suggestions received on the draft proposals previously published as notification No. LBRD-E1/163/2019-LBRD dated 19th January, 2020 in the Kerala Gazette Extraordinary No. 193 dated 22nd January, 2020 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Diamond Cutting and Polishing Sector in the State of Kerala as specified in the Schedule annexed hereto and fix the date of publication of this notification in the Gazette as the date from which the revised rates shall come into force.

## SCHEDULE

**I. Piece rate**

| *Sl. No.* | *Work* | *Wages Per Stone* | *Work Load* |
|---|---|---|---|
| 1 | Gatt | ₹ 25.00 | 18 |
| 2 | Gatt (lengthening) | ₹ 16.50 | 27 |
| 3 | Table (one side planing) | ₹ 6.00 | 74 |
| 4 | Bottom (Cornering) | ₹ 25.50 | 17 |
| 5 | 8 Pale (Star shaping) | ₹ 14.00 | 32 |
| 6 | Top | ₹ 15.00 | 50 |

**II. Monthly Wages**

| *Sl. No.* | *Work/Category* | *Monthly wages* |
|---|---|---|
| 1 | Manager | ₹ 14,260 |
| 2 | Supervisor | ₹ 13,510 |
| 3 | Accountant/Clerk/Computer Operator/Polisher | ₹ 12,460 |
| 4 | Attender/General Worker | ₹ 10,960 |

**III. Dearness Allowance**

In addition to the basic rate of wages, all the employees shall be eligible for Dearness Allowance calculated on the basis of the Consumer Price Index published for the concerned District Head Quarters of the Department of Economics and Statistics at the rate of ₹ 26 (Rupees

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Twenty six only) for monthly waged employees and ₹ 1 (Rupee One only) for piece rated employees respectively for every point in excess of 300 points of the latest Consumer Price Index number in the series 1998-99=100.

*Note:*—For the eligibility of full Dearness Allowance, the piece rated workers has to complete the prescribed workload and for the purpose the work output computed on each week has to be reckoned, and Dearness Allowance shall be paid at the rate of one Dearness Allowance for a day. Wherever the employees are not eligible for full Dearness Allowance, proportionate Dearness Allowance shall be given. The employee shall not be eligible for Dearness Allowance for the days he is absent from work.

**IV. Other conditions**

Wherever the employees are actually in receipt of higher wages than the minimum wages fixed as per this notification, such higher wages shall be continued.

By order of the Governor,
SATYAJEET RAJAN,
*Additional Chief Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government had fixed the minimum rates of wages payable to the employees employed in the Diamond Cutting and Polishing Sector in the State of Kerala as per notification issued under G.O.(P)No.152/2011/LBR dated 12th September, 2011 and published as S.R.O. No. 609/2011 in the Kerala Gazette Extraordinary No. 1810 dated 26th September, 2011. The Government have now decided to revise the existing minimum rates of wages in the said industry sector after considering the objections and suggestions received on the draft proposal published as notification No. LBRD-E1/163/2019-LBRD dated 19th January, 2020 in the Kerala Gazette Extraordinary No. 193 dated 22nd January, 2020 and in consultation with the Minimum Wages Advisory Board constituted for the said purpose.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ. ഉ. (അച്ചടി) നമ്പർ 15/2021/തൊഴിൽ. *തിരുവനന്തപുരം, 2021 ജനുവരി 24*
*1196 മകരം 11.*

**എസ്.ആർ.ഒ. നമ്പർ 123/2021**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2011 സെപ്റ്റംബർ 12-ാം തീയതിയിലെ സ.ഉ.(പി) 152/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 സെപ്റ്റംബർ 26-ാം തീയതിയിലെ 1810-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 609/2011 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2020 ജനുവരി 19-ാം തീയതിയിലെ ഇ1/163/2019/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2020 ജനുവരി 22-ാം തീയതിയിലെ 193-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷവും കേരള സർക്കാർ, സംസ്ഥാനത്തെ 'ഡയമണ്ട് കട്ടിംഗ് ആന്റ് പോളിഷിംഗ്' വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

**I. പീസ് റേറ്റ്**

| *ക്രമ നമ്പർ* | *ജോലി* | *ഒരു കല്ലിന് നൽകേണ്ട കൂലി* | *അദ്ധ്വാന ഭാരം* |
|---|---|---|---|
| 1 | ഗാട്ട് | ₹ 25.00 | 18 |
| 2 | ഗാട്ട് (നീളം മാത്രം ചെയ്യൽ) | ₹ 16.50 | 27 |
| 3 | ടേബിൾ (ഒരു ഭാഗം പ്ലെയിൻ ചെയ്യൽ) | ₹ 6.00 | 74 |
| 4 | ബോട്ടം (കോൺ ആക്കൽ) | ₹ 25.50 | 17 |
| 5 | 8 പെയിൽ (സ്റ്റാർ രൂപത്തിൽ ആക്കൽ) | ₹ 14.00 | 32 |
| 6 | ടോപ്പ് | ₹ 15.00 | 50 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**II. പ്രതിമാസ വേതനം**

| *ക്രമ നമ്പർ* | *ജോലി/വിഭാഗം* | *പ്രതിമാസ വേതനം* |
|---|---|---|
| 1 | മാനേജർ | ₹ 14,260 |
| 2 | സൂപ്പർവൈസർ | ₹ 13,510 |
| 3 | അക്കൗണ്ടന്റ്/ക്ലർക്ക്/കമ്പ്യൂട്ടർ ഓപ്പറേറ്റർ/പോളിഷർ | ₹ 12,460 |
| 4 | അറ്റന്റർ/ജനറൽ വർക്കർ | ₹ 10,960 |

**III. ക്ഷാമബത്ത**

മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിനുപുറമേ, എല്ലാ തൊഴിലാളികൾക്കും സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതാത് ജില്ലാ ആസ്ഥാനങ്ങൾക്കു വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച ഉപഭോക്തൃവില സൂചികയിലെ 300 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും യഥാക്രമം പീസ് റേറ്റ് ജീവനക്കാർക്ക് പ്രതിദിനം 1 (ഒരു രൂപ മാത്രം) നിരക്കിലും മാസശമ്പളക്കാർക്ക് 26 (ഇരുപത്തിയാറു രൂപ മാത്രം) നിരക്കിലും ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

*കുറിപ്പ്*:—പൂർണ്ണനിരക്കിലുള്ള ക്ഷാമബത്തയ്ക്ക് അർഹരാകുന്നതിന് പീസ് റേറ്റ് ജീവനക്കാർ നിശ്ചയിച്ച അദ്ധ്വാനഭാരം പൂർത്തിയാക്കേണ്ടതും ഈ ആവശ്യത്തിലേയ്ക്കായി ഓരോ ആഴ്ചയിലും കണക്കാക്കപ്പെടുന്ന അദ്ധ്വാനം കണക്കിലെടുക്കേണ്ടതും ആഴ്ചയിൽ പരമാവധി ക്ഷാമബത്ത എന്നതിനു വിധേയമായി ഒരു ദിവസത്തേയ്ക്ക് ഒരു ക്ഷാമബത്ത എന്ന നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതുമാണ്. പൂർണ്ണക്ഷാമബത്തയ്ക്ക് അർഹതയില്ലാത്തവർക്ക് ആനുപാതിക നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്. ജോലിക്ക് ഹാജരാകാത്ത ദിവസം തൊഴിലാളിക്ക് ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

**IV. ഇതര വ്യവസ്ഥകൾ**

പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഈ വിജ്ഞാപനത്തിൽ നിശ്ചയിക്കപ്പെട്ട കുറഞ്ഞ നിരക്കിനേക്കാൾ കൂടുതൽ വേതനം യഥാർത്ഥത്തിൽ ലഭിക്കുന്നുണ്ടെങ്കിൽ, അവർക്ക് അപ്രകാരമുള്ള ഉയർന്ന വേതനം തുടർന്നും ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

സത്യജീത് രാജൻ,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ ഡയമണ്ട് കട്ടിംഗ് ആന്റ് പോളിഷിംഗ് മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2011 സെപ്റ്റംബർ 12-ാം തീയതിയിലെ സ.ഉ.(പി)152/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 സെപ്റ്റംബർ 26-ാം തീയതിയിലെ 1810-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 609/2011 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിരുന്നു. 2020 ജനുവരി 19-ാം തീയതിയിലെ ഇ1/163/2019/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2020 ജനുവരി 22-ാം തീയതിയിലെ 193-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത വ്യവസായ മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള, പ്രാഥമിക വിജ്ഞാപനപ്രകാരമുള്ള കരട് നിർദ്ദേശങ്ങളിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡുമായി കൂടിയാലോചിച്ചശേഷവും പ്രസ്തുത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.02.05 01:56:43 +05:30